ഉത്തരം

(എ) 214.70 ലക്ഷം രൂപ.

(ബി) Flood Control, Flood damage എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽ നിന്ന് 81.30 ലക്ഷം രൂപയും റിവർ മാനേജ്മെന്റ് ഫണ്ടിൽ 133.40 ലക്ഷം രൂപയും.

**പത്തനംതിട്ട ജില്ലയിലെ പന്തളം വലിയതോടിന്റെ നവീകരണം**

**105 (1833)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ പന്തളം വലിയതോടിന്റെ നവീകരണം പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കരിങ്ങാലിച്ചാൽ പുഞ്ചയേയും അച്ചൻകോവിലാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും കരിങ്ങാലിച്ചാൽ പുഞ്ചയിലെ നെൽകൃഷിക്ക് വളരെ ഗുണകരവുമായ പന്തളം വലിയതോട് പൂർണ്ണമായും ആഴംകൂട്ടി വൃത്തിയാക്കുന്നതിനും സൈഡ് വാൾ പൂർണ്ണമായും കെട്ടുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ പന്തളം ഗ്രാമപഞ്ചായത്തിൽ മൂട്ടാർ വലക്കടവ് തോടിന്റെ (വലിയതോടിന്റെ ഒരു ഭാഗം) 75 ലക്ഷം രൂപ തുകവരുന്ന പുനരുദ്ധാരണ പണികൾ നടന്നുവരുന്നു. എന്നാൽ ഈ പണികൊണ്ടുമാത്രം പന്തളം വലിയതോടിന്റെ നവീകരണം പൂർത്തിയാക്കാൻ കഴിയില്ല.

(ബി) ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭിക്കുന്നതനുസരിച്ചും, ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നടപടികൾ സ്വീകരിക്കുന്നതാണ്.

**കണ്ണൂർ ജില്ലയിലെ ജലസ്രോതസ്സുകളും തോടുകളും സംരക്ഷിക്കാൻ നടപടി**

**106 (1834)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളെയും തോടുകളെയും സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ; ഇതിനായി 2010-11 വർഷത്തിൽ എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഇതിനായി വിനിയോഗിച്ച തുക എത്രയെന്നും പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിലെ ജലസ്രോതസ്സുകളും തോടുകളും സംരക്ഷിക്കാൻ വേണ്ടി നൽകിയ അപേക്ഷയിന്മേൽ എന്തുനടപടി സ്വീകരിച്ചെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly